(ബി) ഇപ്രകാരം സംഭവിക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ;

(ഡി) സമയബന്ധിതമായി വാക്സിൻ എല്ലാ സർക്കാർ ആശുപത്രികളിലും എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ആന്റി റാബിസ് വാക്സിൻ ലഭ്യമാണ്. ഇരുതരമായി കടിയേൽക്കുന്നവർക്ക് ആവശ്യമായ ആന്റി റാബീസ് സിറത്തിന്റെ ദൗർലഭ്യം നേരിടുന്നുണ്ട്.

(ബി) ജില്ലകളിൽനിന്നും ലഭിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആരോഗ്യ വകുപ്പിലെ ആശുപത്രികളിലേക്ക് മരുന്ന് വിതരണം ചെയ്യുന്നത്. തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലേക്ക് വാർഷിക ഇൻഡന്റിനേക്കാൾ ആന്റി റാബീസ് സിറം കൊടുക്കേണ്ടിവന്നതിനാലാണ് ഈ മരുന്നിന്റെ ദൗർലഭ്യം നേരിട്ടത്.

(സി) മറ്റ് മരുന്നുകളെ അപേക്ഷിച്ച് ഈ മരുന്നിന്റെ ആവശ്യം മുൻകൂട്ടി കാണുവാൻ സാധിക്കുകയില്ല.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

രാത്രി സമയ പോസ്റ്റ്മോർട്ടം

4 (T*696) ശ്രീ.എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവ് ഇതുവരെ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) 24 മണിക്കൂറിൽ പോസ്റ്റ്മോർട്ടം പ്രാവർത്തികമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 24 മണിക്കൂർ പോസ്റ്റ്മോർട്ടം ഏറ്റവും വേഗത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് നിയമസഭയിൽ ഉറപ്പ് നൽകിയിട്ടുണ്ടോ ; എങ്കിൽ ആ ഉറപ്പ് എപ്പോൾ പാലിക്കാൻ കഴിയും ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യത്തിനായി ആവശ്യമുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി&സി) ഉറപ്പ് നൽകിയിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം/കോഴിക്കോട്/കോട്ടയം/ആലപ്പുഴ/തൃശ്ശൂർ എന്നീ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ധനവകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടുകൂടി എത്രയുംവേഗം ഇത് നടപ്പാക്കുവാനാണ് ലക്ഷ്യമിടുന്നത്.

പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ

5 (697) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ; എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പക്ഷാഘാത ചികിത്സയ്ക്കും പരിചരണത്തിനുമായി ടെലി ക്ലിനിക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പക്ഷാഘാത രോഗികൾക്ക് സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly